ഏറ്റെടുക്കുവാൻ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്ത് ഉള്ള വിഭവങ്ങളാണ് പട്ടിക 5.4 വെളിപ്പെടുത്തുന്നത്. 21 എണ്ണം കാർഷിക വിഭവങ്ങളുള്ള ഭൂമികളാണ്. 24 എണ്ണത്തിൽ മതിലുകളും കെട്ടിടങ്ങളുടെ മുൻവശം, കവാടങ്ങളുമുണ്ട്.

പട്ടിക 5.4 ഭൂമികളുടെ നിലവിലെ ഉപയോഗം	
ഇനം	സംഖ്യ
മതിലുകളും കവാടങ്ങളും/ കെട്ടിടങ്ങളുടെ മുൻവശം	24
ഭൂമി/കാർഷിക വിഭവങ്ങൾ/ തെങ്ങ്	22
ആകെ	46

5.6 ഉടമസ്ഥതയിലുള്ള ഭൂമികളുടെ അളവുകൾ

പട്ടിക 5.5 ഉടമസ്ഥതയിലുള്ള ഭൂമികളുടെ അളവുകൾ		
അളവുകൾ	സംഖ്യ	ശതമാനം
5 സെൻറിനു താഴെ	3	6.5
5 -10 സെൻറുകൾ	10	21.7
11 - 15 സെൻറുകൾ	6	13
16 - 25 സെൻറുകൾ	8	17.4
26 – 50 സെൻറുകൾ	12	26.1
50 സെൻറിന് കൂടുതൽ	4	8.9
NA/NR	3	6.5
ആകെ	46	100.00

പദ്ധതി ബാധിതരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തിൻെറ അളവാണ് പട്ടിക 5.5 വ്യക്തമാക്കുന്നത്. 3 വ്യക്തികൾക്ക് 5 സെൻറിനു താഴെ ഭൂമിയാണുള്ളത്. 10 പേർക്ക് 5 നും 10നും ഇടയ്ക്ക് സെൻറുകളുള്ളപ്പോൾ 6 പേർക്ക് 11 നും 15 നുമിടയ്ക്കാണ് ഉള്ളത്. 8 പേർക്ക് 16 മുതൽ 25 സെൻറുവരെയും 12 പേർക്ക് 26 മുതൽ 50 സെൻറ് വരെയുമുണ്ട്. 4 പേർക്ക് 50 സെൻറിനും 1 ഏക്കറിൽ കൂടുതൽ ഉണ്ട്.

5.7 ബാധിതമാകുന്ന പദ്ധതി പ്രദേശത്തിൻെറ അളവ്

ഓരോ ഭൂവുടമയ്ക്കും നഷ്ടമാകുന്ന ഭൂമിയുടെ കൃത്യം അളവ് ഇതുവരെ അറിവായിട്ടില്ല.

5.8 ഇതര ഭൂമികളുടെ ഉടമസ്ഥാവകാശം

പട്ടിക 5.6 ഇതര ഭൂമികളുടെ ഉടമസ്ഥാവകാശം		
ഇനം	സംഖ്യ	ശതമാനം
വേറെ ഭൂമിയുണ്ട്	32	69.6
വേറെ ഭൂമിയില്ല	13	28.3
ലഭ്യമല്ല	1	2.1
ആകെ	45	100.0

പദ്ധതി പ്രദേശത്തെ ഭൂവുടമകൾക്കുള്ള ഇതര ഭൂമികളുടെ ഉടമസ്ഥതയാണ് പട്ടിക 5.6 കാണിക്കുന്നത്. 46 ഭൂവുടമകളിൽ 32 പേർക്ക് ഇതര ഭൂമിയുണ്ടെന്ന വിവരം ലഭിച്ചിട്ടുണ്ട്. 13 പേർക്ക് വേറേ ഭൂമിയില്ല.

5.9 ബാധിതരാകുന്ന സാമൂഹ്യ വിഭാഗങ്ങൾ / ദുർബല വിഭാഗം

പട്ടിക 5.7 ബാധിതരാകുന്ന സാമൂഹ്യ വിഭാഗങ്ങൾ		
സാമൂഹ്യ വിഭാഗം	സംഖ്യ	ശതമാനം
മറ്റ് പിന്നോക്ക വിഭാഗം	45	97.8
പട്ടിക ജാതി	1	2.2
ആകെ	45	100.0

പട്ടിക 5.7 പ്രകാരം 46 ഭൂമികളിൽ 45 എണ്ണം മറ്റ് പിന്നോക്ക വിഭാഗക്കാരുടേതാണ്. 1 എണ്ണം പട്ടിക ജാതി വിഭാഗത്തിൽപ്പെടുന്നതാണ്.

5.10 നിത്യരോഗികളായ പദ്ധതി ബാധിതർ

പട്ടിക 5.8 നിത്യ രോഗികൾ	
രോഗങ്ങൾ	സംഖ്യ
ക്യാൻസർ	2
ഹൃദയ ധമനി സംബന്ധം	11
പ്രമേഹം	4
സ്ട്രോക്ക്	2
വേറെ എന്തെങ്കിലും	1
ആകെ	19

ആകെ 19 നിത്യരോഗികളുണ്ട്. 2 ക്യാൻസർ രോഗികളും, 11 ഹൃദയ ധമനി രോഗികളും, 4 പ്രമേഹ രോഗികളും, 2 സ്ട്രോക്ക്, 1 കാഴ്ച സംബന്ധമായ രോഗികളുമാണുള്ളത്.

5.11 ബാധിതമാകുന്ന ഉപജീവന മാർഗ്ഗങ്ങൾ

കാർഷിക വിഭവങ്ങളുള്ള ഭൂമികളാണ് ബാധിതമാകുന്നത്. ഉപജീവനം പരോക്ഷമായി ബാധിക്കുന്നവരാണ് ഭൂവുടമകൾ.

അദ്ധ്യായം 6
സാമൂഹ്യ സാമ്പത്തിക ഘടന

6.1 ആമുഖം

പദ്ധതി പ്രദേശത്തെ കുടുംബങ്ങളുടെ സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക നിലവാരവും സവിശേഷതകളുമാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കപ്പെടുന്നത്. ജനസംഖ്യയും സാമൂഹ്യ വത്കരണവും അനുബന്ധ വിഷയങ്ങളും താഴെ കാണാം.

6.2 കുടുംബങ്ങളുടെ വിശദാംശങ്ങൾ

പട്ടിക 6.1 കുടുംബങ്ങളുടെ വിശദാംശങ്ങൾ

ക്ര. സം.	സർവ്വേ സം.	ഭൂവുടമസ്ഥർ	കുടുംബാംഗങ്ങളുടെ സംഖ്യ		
			പുരുഷന്മാർ	സ്ത്രീകൾ	ആകെ
1		Abdurahman Kizhakalol House, Thurayur	2	1	3
2		Sajidh Puliyangod	-	-	0
3		Bini, Vadakechethil H. Keernkai	1	1	2
4		Shyni Vettuvakkandi, Maolthazhe	3	2	5
5		Leela Vattakkuni H, Keerankai	1	3	4
6		Chethil Rajan	2	1	3
7		Geetha Puliyanakandi	1	1	2
8		Ramakrishnan Tharamel H	1	0	1
9		Rajan Tharamel	2	1	3
10		Nabeesa Keloththazhe	4	4	8
11		Fathaima, Othayoth, Parambath Moideen	3	4	7
12		Hassan Chakvathpadikkal	5	5	10
13		Assis , Mithaleputhur	1	3	4
14		Moosa C P, Chakkavathpadikkal	2	1	3
15		Ibrahim Parambaththazhe	3	1	4
16		Asharaf, Kallarakovummal, Mankara,	2	5	7
17		Kuttiyil Kunjayisha	4	1	5
18		Rasak Kaikalol	2	2	4
19		Ashokan Chethil	2	3	5
20		Ashokan Vettuvakkandi, Mundalithazhe	2	1	3
21		Jayakrishnan Madathil	1	0	1
22		Kunjayisha Ithilkuni	4	5	9
23		Mumthaz Velivalapil	1	3	4
Moddadi Village					
24		Anil Kumar Padinjarayil	2	3	5
25		Vishvanthan	2	2	4
26		Ramakrishnan	2	2	4
27		Ramadevi	3	1	4
28		Karunan	3	2	5
29		Pathmavathi	2	1	3
30		Basheer & Uvais	4	2	6

31		Ashraf Varikoli	1	3	4
32		Asainar Varikoli	3	2	5
33		Mammad Varikoli	1	1	2
34		Kunjahammad	3	2	5
35		Vellan peedikavalappil	1	1	2
36		Abdulla varikkoli	3	3	6
37		Moidu Varikoli	2	3	5
38		Ismail Varikoli	2	2	4
39		Arif Vaikoli	3	4	7
40		Nizar	4	3	7
41		Majeed	2	2	4
42		Fathu Palolithazhe, Puliyancheri	3	4	7
43		Samad (Nazeema)	2	4	6
44		Abubakkar (Sulekha)	2	2	4
45		Anas U V	2	2	4
46		Musa Meloth	3	1	4
ആകെ			104	100	204

കുടുംബങ്ങളുടെ വിശദാംശങ്ങൾ പട്ടിക 6.1 വെളിപ്പെടുത്തുന്നു. ആകെയുള്ള പദ്ധതി ബാധിത പ്രദേശ വാസികളിൽ (204) 104 പുരുഷന്മാരും 100 സ്ത്രീകളുമുണ്ട്.

6.3 സാമൂഹ്യ ജീവിതത്തിന്മേൽ ആഘാതം

പട്ടിക 6.2 സാമൂഹ്യ ജീവിതത്തിന്മേൽ ആഘാതം		
	സംഖ്യ	ശതമാനം
ബാധിക്കില്ല	41	89.1
ബാധിക്കുന്നത്	4	8.7
ലഭിക്കാത്തവ	1	2.2
ആകെ	46	100.00

സാമൂഹ്യ ജീവിതത്തിൽ വരാവുന്ന ആഘാതമാണ് പട്ടിക 6.2 ൽ പ്രതിപാദിക്കുന്നത്. ഭൂരിഭാഗവും (41) സാമൂഹ്യ ജീവിതത്തെ ബാധിക്കില്ലെന്ന് അഭിപ്രായപ്പെടുന്നു.

6.4 പ്രതിമാസ വരുമാനം

പട്ടിക 6.3 കുടുംബത്തിൻെറ പ്രതിമാസ വരുമാനം		
പ്രതിമാസ വരുമാനം	സംഖ്യ	ശതമാനം
5000 ത്തിനു താഴെ	18	39.1
5000 – 10000	5	10.9
10,001 – 20,000	7	15.2
20,001 – 50,000	7	15.2
50,000 ത്തിനു മുകളിൽ	7	15.2
ലഭിക്കാത്തവ	2	4.3
ആകെ	46	100.0

ഭൂവുടമസ്ഥരുടെ പ്രതിമാസ കുടുംബ വരുമാനമാണ് പട്ടിക 6.3 ൽ കാണുന്നത്. 18 കുടുംബങ്ങളുടെ വരുമാനം 5000 രൂപയ്ക്ക് താഴെയാണ്. 5 കുടുംബങ്ങൾക്ക് 5,001 നും 10,000 നുമിടയ്ക്കാണ്. 7 പേർക്ക് 10,001 നും 20,000 നുമിടയിലുണ്ട്. 20,001 നും 50,000 നുമിടയിൽ 7 പേരാണ്. 50,000–നുമുകളിൽ 7 പേരുണ്ട്.

6.5 സാമ്പത്തിക ജീവിതത്തിന്മേൽ ആഘാതം

പട്ടിക 6.4 സാമ്പത്തിക ജീവിതത്തിന്മേൽ ആഘാതം		
	സംഖ്യ	ശതമാനം
ബാധിക്കും	20	43.5
ബാധിക്കില്ല	24	52.2
ലഭിക്കാത്തവ	2	4.3
ആകെ	46	100.0

സാമ്പത്തിക മേഖലയെ ബാധിക്കുമെന്നാണ് 46 ഭൂവുടമകളിൽ 20 പേർ അഭിപ്രായപ്പെടുന്നത്. 24 പേർ ഭൂമി ഏറ്റെടുക്കൽ സാമ്പത്തിക മേഖലയെ ബാധിക്കുകയില്ലെന്നും സമർത്ഥിക്കുന്നു.

6.6 മുഖ്യമായ വരുമാന മാർഗ്ഗം

പട്ടിക 6.5 മുഖ്യമായ വരുമാന മാർഗ്ഗം		
ജോലി	സംഖ്യ	ശതമാനം
സർക്കാർ ജോലി	3	6.7
സ്വകാര്യ ജോലി	8	17.4
കൂലി	12	26.1
വ്യാപാരം,	1	2.2
സ്വയം തൊഴിൽ	1	2.2
പെൻഷൻ	4	8.7
കാർഷികം	3	6.5
മറ്റുള്ളവ/ഗൾഫ്	13	28.3
Driver	1	2.2
ലഭിക്കാത്തവ	1	2.2
ആകെ	46	100.0

പദ്ധതി ബാധിതരുടെ തൊഴിലുകളാണ് പട്ടിക 6.5ൽ കാണുന്നത്. 3 പേർക്ക് സർക്കാർ ജോലിയുണ്ട്. 8 പേർ സ്വകാര്യ ജോലിയിൽ ഏർപ്പെടുന്നു. 12 കുടുംബത്തിന് കൂലിപ്പണിയാണ് വരുമാനം. ഒരാൾ സ്വയം തൊഴിൽ ചെയ്യുന്നു. 4 പേർക്ക് പെൻഷനാണ് വരുമാനം. 3 പേർ കാർഷിക തൊഴിൽ ചെയ്യുന്നു. 13 പേർ മറ്റുള്ളവ/ഗൾഫിലാണ്.

6.7 റേഷൻ കാർഡിൻെറ ഇനം

പട്ടിക 6.6 റേഷൻ കാർഡിൻെറ ഇനം		
ഇനം	സംഖ്യ	ശതമാനം
എ.പി.എൽ.	32	28.9
ബി.പി.എൽ	13	68.9
ലഭിക്കാത്തവ	1	2.2
ആകെ	46	100.0

ബാധിതരാകുന്ന കുടുംബങ്ങളുടെ റേഷൻ കാർഡിൻെറ വിവരങ്ങളാണ് പട്ടിക 6.6 ൽ കാണുന്നത്. 46 റേഷൻ കാർഡുകളിൽ 13 എണ്ണം ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരും 32 എണ്ണം ദാരിദ്യ രേഖയ്ക്കു മുകളിലുള്ളവരുമാണ്.

അദ്ധ്യായം 7
ആഘാത ദുരീകരണപദ്ധതി

7.1 ആഘാത ദുരീകരണ സമീപനം

ഭൂമി ഏറ്റെടുക്കൽ സൃഷ്ടിക്കുന്ന ആഘാതം ദുരീകരിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഭൂവുടമകൾ ന്യായമായ നഷ്ടപരിഹാരമാണ് മുഖ്യമായും ആവശ്യപ്പെടുന്നത്. അതിനാൽ ഭൂവുടമകളുമായി ചർച്ച നടത്തി നഷ്ടപരിഹാരം തീരുമാനിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് മുൻപ് തുക നൽകണമെന്നാണ് നിർദ്ദേശം.

7.2 ആഘാതം ഇല്ലായ്മ ചെയ്യുവാനും ലഘൂകരിക്കുവാനുള്ള മാർഗ്ഗങ്ങളും നഷ്ടപരിഹാരവും

2013 ലെ നിയമമനുസരിച്ചുള്ള ന്യായമായ നഷ്ടപരിഹാരം ലഭിച്ചാൽ ഭൂമി വിട്ട് കൊടുക്കുവാൻ ഭൂവുടമകൾ തയ്യാറാണെന്നാണ് സാമുഹ്യ ആഘാത പഠന സംഘത്തിന് മനസ്സിലാക്കാൻ സാധിച്ചത്. ന്യായമായ നഷ്ടപരിഹാരം സുതാര്യമായ വിധത്തിൽ സമയബന്ധിതമായി നൽകണം.

7.3 പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള മാർഗ്ഗങ്ങൾ

ബാധിതർക്ക് 2013 നിയമമനുസരിച്ചുള്ള നഷ്ടപരിഹാരം ലഭ്യമാക്കണം. നിർദ്ദേഷ്ടാവ് നിയമത്തിൻെറ വകുപ്പുകൾ പാലിക്കുകയും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള സമഗ്ര പ്ലാൻ നിറവേറ്റുകയും ചെയ്യണം. നഷ്ടപരിഹാരം നിയമം അനുശാസിക്കുന്ന വിധത്തിലും സമയത്തും പൂർണ്ണമായും നൽകണം

7.4 നിർദ്ദേഷ്ടാവ് സ്വീകരിക്കേണ്ട നടപടികൾ

നാണയപ്പെരുപ്പവും കേരളത്തിലെ ഭൂമി വിലയും പരിഗണിച്ച് പ്രത്യേക പാക്കേജനുസരിച്ച് നഷ്ടപരിഹാരം നൽകണം. പദ്ധതി ബാധിതർ അവരുടെ വിലപ്പെട്ട സമ്പാദ്യം പൊതു താത്പര്യത്തിനുവേണ്ടി നൽകുമ്പോൾ ഭൂമിയുമായുള്ള അവരുടെ വൈകാരിക ബന്ധവും അനുഭാവപൂർവ്വം പരിഗണിക്കണം.

7.5 സാമുഹ്യ ആഘാതം കുറവുള്ള ബദൽ പദ്ധതി സാധ്യതകൾ

മുചുകുന്ന് കടവ് ഭാഗത്തുള്ള12 വ്യക്തികൾ മറ്റൊരു പ്ലാനിനെക്കുറിച്ച് പരാമർശിച്ചു. 80 മീറ്റർ അകലെ (പടിഞ്ഞാറയിൽ) മാറ്റി പണിയണം എന്ന് പറഞ്ഞു. ഭൂരിഭാഗവും സാമുഹ്യ ആഘാതം കുറവുള്ള ഇതര പദ്ധതി സാധ്യതകളൊന്നും നിർദ്ദേശിച്ചില്ല. പ്രസ്തുത പദ്ധതി രേഖ പൊതുവെ സ്വീകാര്യമാണ്.

7.6 ആഘാത ദുരീകരണവും പ്ലാനും

നടത്തിയ ചർച്ചകളുടെയും പദ്ധതി പരിശോധനകളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ താഴെ കൊടുത്തിരിക്കുന്ന സാമൂഹ്യ ആഘാത ദുരീകരണ പ്ലാൻ രൂപകൽപന ചെയ്തിട്ടുണ്ട്. ആഘാത ദുരീകരണ മാർഗ്ഗങ്ങൾ ഉൾപ്പെടുത്തുകയെന്നത് പദ്ധതി നിർദ്ദേഷ്ടാവിൻെറയും ജില്ലാ ഭരണകൂടത്തിൻെറയും ഉത്തരവാദിത്തമാണ്. ആഘാത ദുരീകരണ മാർഗ്ഗങ്ങൾ താഴെപ്പറയുന്നവയാണ്:

പട്ടിക 7.1 ആഘാത ദുരീകരണവും പ്ലാനും			
ആഘാതം	ദുരീകരണ മാർഗ്ഗങ്ങൾ	നിരീക്ഷിക്കേണ്ട ഘടകങ്ങൾ	ചുമതല യുള്ളവർ
അപര്യാപ്തമായ നഷ്ടപരിഹാരത്തെ ക്കുറിച്ചുള്ള ആകുലത	പൂർണ്ണനഷ്ടപരിഹാരത്തിനുള്ള മാനദണ്ഡം നിശ്ചയിക്കുക; അത് മുൻകൂട്ടി പ്രസിദ്ധീകരിക്കുക, പരാതികൾ പരിഹരിക്കുവാൻ സംവിധാനം സൃഷ്ടിക്കുക	നഷ്ടപരിഹാരത്തിൽ സുതാര്യത; നഷ്ടപരിഹാരത്തെക്കുറിച്ചു ള്ള പരാതികളുടെ സംഖ്യ; നഷ്ടപരിഹാരം വർദ്ധിപ്പിക്കുവാനുള്ള അഭ്യർത്ഥനകളുടെ സംഖ്യ	റവന്യൂ വകുപ്പ്
പുനരധിവാസത്തെ ക്കുറിച്ചുള്ള ആശങ്ക	സർക്കാർ നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാരം നൽകുക	നഷ്ടപരിഹാരം സുതാര്യ മായും കൃത്യമായും ലഭിക്കു ന്നുവെന്ന് ഉറപ്പുവരുത്തുക	റവന്യൂ വകുപ്പ്
നഷ്ട പരിഹാരം ലഭിക്കുവാനുള്ള കാലതാമസം	നഷ്ട പരിഹാരം മുൻകൂട്ടി നിശ്ചയിക്കുക	നഷ്ടപരിഹാരം ലഭിക്കുവാൻ ദീർഘനാൾ കാത്തിരിക്കേണ്ട വരുടെ സംഖ്യ	റവന്യൂ വകുപ്പ്

സാമ്പത്തിക നടപടികൾ

46 ഭൂവുടമകൾക്കും ആശ്രിതർക്കും ഭൂമി / ഇതര ആസ്തികൾ നഷ്ടപ്പെടുന്നതാണ് രൂക്ഷമായ സാമൂഹ്യ ആഘാതം. 2013 ഭൂമി എറ്റെടുക്കൽ നിയമം 26 മുതൽ 31 വരെയുള്ള വകുപ്പുകൾ അനുസരിച്ച് ന്യായമായ നഷ്ടപരിഹാരം സമയ ബന്ധിതമായി ലഭ്യമാക്കണം.

നിർമ്മാണ പ്രവർത്തനങ്ങളിൽ പദ്ധതി ബാധിതരുടെ കഴിവനുസരിച്ചും പദ്ധതിയുടെ ആവശ്യമനുസരിച്ചും പദ്ധതി ബാധിതരെ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്നു.

പാരിസ്ഥിതിക നടപടികൾ

a) പദ്ധതി രൂപകൽപ്പന ചെയ്യുമ്പോൾ പ്രദേശത്തെ വൃക്ഷലതാദികളെ ബാധിക്കാത്ത തരത്തിൽ പരിസ്ഥിതി സൗഹൃദമായ മാർഗ്ഗങ്ങൾ അവലംഭിക്കണം.

b) വെള്ളക്കെട്ട് ഒഴിവാക്കുവാനുള്ള സംവിധാനങ്ങൾ ഉണ്ടാകണം.

പുനരധിവാസം

പുനരധിവാസ പ്രക്രിയയിൽ പദ്ധതി ബാധിതരെ വൈകാരിക തലത്തിലും ക്ഷതമേൽപ്പിക്കാതെ സൂക്ഷിക്കണം.

മറ്റ് നടപടികൾ

- പരോക്ഷമായി ബാധിക്കപ്പെടുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ പ്രാപ്തിയുള്ള ഒരു സംവിധാനം സൃഷ്ടിക്കണം.

7.7 ആഘാതം കുറയ്ക്കുവാൻ / ദുരീകരിക്കുവാനുള്ള മാർഗ്ഗങ്ങൾ

- ശുചിത്വം, ആരോഗ്യം മുതലായ കാര്യങ്ങളിൽ കുറവുകൾ വരാതിരിക്കുവാൻ മുൻകരുതലുകൾ എടുക്കണം.
- പഠനയൂണിറ്റിന് ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുവാൻ സാധിക്കാതെ പോയവരുമായി ബന്ധപ്പെടുവാൻ പരിശ്രമിക്കണം.
- നിർമ്മാണ തൊഴിലാളികളുടെയും പൊതുജനത്തിൻെറയും സുരക്ഷ ഉറപ്പാക്കണം.

- റവന്യൂവകുപ്പും പഞ്ചായത്തും പദ്ധതി നിർദ്ദേഷ്ടാവും നിർമ്മാണ ഘട്ടത്തിൽ ഉണ്ടായേക്കാവുന്ന അപ്രതീക്ഷിതമായ പ്രശ്നങ്ങൾ നേരിടുവാൻ വേണ്ടതായ സംവിധാനം ഒരുക്കണം.

പ്രതികൂല ഘടകങ്ങളേക്കാൾ അനുകൂലമായവ കൂടുതൽ ആയതിനാൽ, നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥലമാണ് പദ്ധതിക്ക് ഏറ്റവും അനുയോജ്യം. പരമ്പരാഗത സ്വത്തുക്കളുടെ നഷ്ടം ഭൗതികമായും മാനസികമായും ബാധിക്കും. എങ്കിലും പ്രതികൂലം വളരെ കുറവാണ്. ഭൂരിപക്ഷം ഭൂവുടമകൾ ഭൂമി വിട്ടുകൊടുക്കുവാൻ സന്നദ്ധരാണെന്നുള്ളത് വലിയ ഒരു കാര്യമാണ്. ഫലപ്രദമായ മാർഗ്ഗങ്ങളിലൂടെ ദോഷഫലങ്ങൾ കുറയ്ക്കുവാൻ സാധിക്കുമെന്നും സാമൂഹ്യ ആഘാത പഠന സംഘം നിരീക്ഷിക്കുന്നു.

അദ്ധ്യായം 8

സാമൂഹ്യ ആഘാത നിയന്ത്രണ പദ്ധതി - അടിസ്ഥാന ഘടന

സ്ഥലം ഏറ്റെടുക്കലിന്റെ ഭാഗമായ പഠനത്തിന്റെയും അന്വേഷണത്തിന്റെയും പൊതുജനഹിത പരിശോധനയുടെയും ഫലമായി പൊതുവായൊരു സാമൂഹ്യ ആഘാത ലഘൂകരണ പദ്ധതി (SIMP) രൂപംകൊണ്ടു. ഈ പദ്ധതിയാണ് സാമൂഹ്യവശങ്ങൾക്കും സംഭവിക്കാവുന്ന ആഘാതങ്ങൾക്കും ലഘൂകരണപദ്ധതികൾക്കും പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത്. പദ്ധതി നടപ്പിലാക്കുമ്പോൾ ലഘൂകരണ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് RFCTLARR 2013 സെക്ഷൻ 44 (1) പ്രകാരം നിയമിക്കപ്പെട്ടവരുടെ ഉത്തരവാദിത്തമാണ്.

സ്ഥാപന ഘടനയും പ്രധാനവ്യക്തികളും

ഭൂമി ഏറ്റെടുക്കുന്നതിലും പുനരധിവാസത്തിലും ന്യായമായനഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള കേന്ദ്രസർക്കാരിന്റെ 2013 ലെ അവകാശ നിയമം അനുസരിച്ച് സാമൂഹ്യ ആഘാതം ലഘൂകരിക്കുവാനും കർത്തവ്യങ്ങൾ നിർവ്വഹിക്കുവാനും കേരള സർക്കാർ ശരിയായ സ്ഥാപന ഘടനാരീതി അവിഷ്കരിച്ചിട്ടുണ്ട്.

കേരളസർക്കാരിന്റെ G.O. (Ms) No. 485/2015/ RD) തിയതി 23/9/2015 പ്രസിദ്ധീകരിച്ച ന്യായനഷ്ട പരിഹാര സുതാര്യ സ്ഥലംഏറ്റെടുക്കൽ നയമനുസരിച്ച് ചീഫ് സെക്രട്ടറി, റവന്യൂ സെക്രട്ടറി, ഭരണവിഭാഗം സെക്രട്ടറി, നിയമ സെക്രട്ടറി, ധനകാര്യ സെക്രട്ടറി എന്നിവർ അംഗങ്ങളായുള്ള ഒരു സംസ്ഥാനതല ഉന്നതാധികാര കമ്മിറ്റിക്ക് രൂപം നൽകി. RFCTLARR 2013 അനുസരിച്ചുള്ള കർത്തവ്യങ്ങൾ നിവ്വഹിക്കേണ്ടത് ഇവരാണ്.

സർക്കാരിന്റെ ഈ നയമനുസരിച്ച് ജില്ലാ കളക്ടർ, പുനരധിവാസവിഭാഗത്തിലെ ഭരണത്തലവൻ, ഭൂമിയേറ്റെടുക്കൽ ഉദ്യോഗസ്ഥൻ, ധനകാര്യ ഉദ്യോഗസ്ഥൻ, ഭൂമി ആവശ്യപ്പെടുന്നവരെപ്രതി അന്തിമ സാമ്പത്തിക തീരുമാനങ്ങൾ എടുക്കുവാൻ അവരുടെ പ്രതിനിധികൾ, പ്രാദേശിക സ്വയം ഭരണസ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിവരടങ്ങുന്ന സമിതിയാണ് RFCTLARR 2013 അനുസരിച്ചുള്ള ഉത്തരവാദിത്തങ്ങൾ നിറവേറ്റേണ്ടത്.

ന്യായനഷ്ട പരിഹാര പുനരധിവാസ ക്രമീകരണ (2013) നിയമത്തിലെ 43 (1) പ്രകാരം നിയമിതനാകുന്ന ഭരണാധികാരി (Administrator) സുതാര്യ ഭൂമിയേറ്റെടുക്കൽ സംബന്ധിച്ച പുനരധിവാസത്തിന്റെയും പുനഃക്രമീകരണത്തിന്റെയും രൂപരേഖയും പ്രവർത്തനരീതിയും നിരീക്ഷണവും കാര്യക്ഷമമായി നിർവ്വഹിക്കേണ്ടിയിരിക്കുന്നു. കേരള സർക്കാരിന്റെ G.O. (P) M. No. 590/2015/ RD) തിയതി 11/11/2015 പ്രകാരം ഓരോ ജില്ലയിലേയും ഡെപ്യൂട്ടി കളക്ടറിനെയാണ് പുനരധിവാസ ക്രമീകരണ കാര്യങ്ങളുടെ ഭരണാധികാരിയായി (Administrator) മേൽപ്പറഞ്ഞ നിയമപ്രകാരം നിയമിച്ചിരിക്കുന്നതും ഉഭയ സമ്മത പ്രകാരമല്ലാതെ ഭൂമിയേറ്റെടുക്കപ്പെട്ടവരുടെ കാര്യങ്ങൾക്കായി നിയോഗിച്ചിരിക്കുന്നതും.

കൂടാതെ, ന്യായനഷ്ട പരിഹാര സുതാര്യ ഭൂമി ഏറ്റെടുക്കൽ പുനരധിവാസ പുനഃക്രമീകരണ (2013) നിയമം 44 (1) അനുസരിച്ച് കേരള സർക്കാരിൻെറ G.O. (P) M. No. 590/2015/ RD) തിയതി 11/11/2015 പ്രകാരം, ഭൂമി ഏറ്റെടുക്കുമ്പോഴുണ്ടാകുന്ന പുനരധിവാസ പുനഃക്രമീകരണ പദ്ധതികൾക്ക് മേൽനോട്ടം വഹിക്കാനും ശരിയായ രീതിയിൽ അത് നടപ്പിലാക്കാനും ഭൂമി നഷ്ടപ്പെട്ടവർക്ക് സാമൂഹ്യനീതി ഉറപ്പുവരുത്താനും ഡെപ്യൂട്ടി കളക്ടർക്കുപുറമേ, ലാൻറ് കമ്മിഷണറേയും നിയമിച്ചിരിക്കുന്നു.

RFCTLARR 2013സെക്ഷൻ 3 ൽ പറഞ്ഞിരിക്കുന്ന അധികാരമുപയോഗിച്ചും അതേ നിയമത്തിൻെറ കേരള പകർപ്പ് (2015) ൻെറ 3 (1) അനുസരിച്ചും കേരള സർക്കാർ G.O. (P) No. 649/2015/ RD) തിയതി 4/12/2015 മുഖേന പ്രത്യേക തഹസിൽദാർ (ഭൂമി എറ്റെടുക്കൽ) നമ്പർ 2 നെയും കോഴിക്കോട് ജില്ല ഡെപ്യൂട്ടി കളക്ടർ (ഭൂമി എറ്റെടുക്കൽ) നെയും മേൽപറഞ്ഞ (2013) നിയമപ്രകാരം (3) കളക്ടറിൽ നിക്ഷിപ്തമായിരിക്കുന്ന ഒരുത്തരവാദിത്വമോ അതിൽ കൂടുതൽ ഉത്തരവാദിത്വങ്ങളോ സെക്ഷൻ 12 പ്രകാരം നിർവ്വഹിക്കുവാൻ ജില്ലാതലത്തിൽ നിയമിച്ചിരിക്കുന്നു. ഇവരേയും ഇവരുടെ ഉദ്യാഗസ്ഥരേയും ജോലിക്കാരേയും മേൽപ്പറഞ്ഞനിയമത്തിലെ സെക്ഷൻ 2 ലെ സബ്സെക്ഷൻ (1) അനുസരിച്ച് ഇവരുടെ അധികാര പരിധിയിൽ വരുന്ന ഭൂമി ഏറ്റെടുക്കൽ നടപടികൾ ചെയ്യുവാൻ അധികാരപ്പെടുത്തിയിരിക്കുന്നു.

ന്യായമായ നഷ്ടപരിഹാരം, അനുയോജ്യമായ പുനരധിവാസ പുനക്രമീകരണ പാക്കേജ്, ലഘൂകരണ പദ്ധതികൾ എന്നിവയിൽ അന്തിമ തീരുമാനം എടുക്കുന്ന ഉത്തരവാദിത്വം ജില്ലാതല സമിതിയിൽ നിക്ഷിപ്തമാണ്. കൂടാതെ, നിർമ്മാണ സമയം മുതൽ അതിൻെറ ശരിയായ നടത്തിപ്പിൻേറയും ഉത്തരവാദിത്വം ജില്ലാതല സമിതിക്കാണ്.

അദ്ധ്യായം 9
സാമൂഹ്യ ആഘാത നിയന്ത്രണത്തിൻെറയും ദുരീകരണത്തിൻെറയും ബജറ്റ്

9.1 പുനസ്ഥാപനത്തിൻെറയും പുനരധിവാസത്തിൻെറയും ചെലവ്

ഭൂമി ഏറ്റെടുക്കലിനെ പ്രതിപാദിക്കുന്ന 2013 ലെ നിയമനുസരിച്ച് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും അധികാരപ്പെടുത്തിയിരിക്കുന്ന കമ്മറ്റിയാണ് ഇത് കണക്കാക്കേണ്ടത്.

9.2 വാർഷിക ബജറ്റും പ്രവർത്തനപ്ലാനും

റവന്യു വകുപ്പിലെ ഭൂമി ഏറ്റെടുക്കൽ വകുപ്പാണ് ഇത് തയ്യാറാക്കേണ്ടത്.

9.3 സാമ്പത്തിക സ്രോതസ്സും ഇനം തിരിച്ചുള്ള ചെലവുകളും

ലഭ്യമല്ല.

അദ്ധ്യായം 10
സാമൂഹ്യ ആഘാത നിയന്ത്രണ പദ്ധതി
മേൽനോട്ടവും വിലയിരുത്തലും

ആമുഖം

നിരീക്ഷിക്കുക / മേൽനോട്ടം വഹിക്കുക എന്ന ദീർഘകാല പ്രക്രിയ നിർമ്മാണം മുതൽ പദ്ധതിയുടെ ആയുഷ്ക്കാലം മുഴുവനും തുടരണം. ഗുണനിലവാരത്തിൻെറ മാനദണ്ഡങ്ങൾ നിർണ്ണയിച്ച് ഉണ്ടായേക്കാവുന്ന സാമൂഹ്യ ആഘാതങ്ങൾ മുൻകൂട്ടി തിരിച്ചറിഞ്ഞ് നിരന്തരം വിലയിരുത്തുകയാണ് ഇതിൻെറ ലക്ഷ്യം. സാമൂഹ്യ ആഘാതം ലഘൂകരിക്കുവാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നടപടികളുടെ ഫലപ്രാപ്തി ആനുകാലികമായും തുടർച്ചയായും നിർണ്ണയിക്കുന്നതും നിരീക്ഷണത്തിൽ ഉൾപ്പെടുന്നു. സാമൂഹ്യ ആഘാത ലഘൂകരണ നടപടികളോ അതിൻെറ രൂപഘടനയോ യഥാര്‍ത്ഥ ആഘാതമോ നിരീക്ഷണത്തിന് വിധേയമാക്കാം. എന്നാൽ മറ്റ് മാനദണ്ഡങ്ങൾ, പ്രത്യേകിച്ച് സാമൂഹ്യമോ, സാമ്പത്തികമോ, പരിസ്ഥിതി സംബന്ധമോ ആയ കാര്യങ്ങൾ ഫലപ്രദമായി പഠിക്കുവാൻ ദീർഘമായ സമയം ആവശ്യമാണ്.

RFCTLARR 2013 പ്രകാരം ഭൂമി ഏറ്റെടുക്കൽപ്രക്രിയയും അതിൻെറ വിവിധ സാമൂഹ്യ ആഘാത ലഘൂകരണ നടപടികളും രേഖപ്പെടുത്തുവാനും അവ അറിയിക്കുവാനും ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും കേരള സംസ്ഥാന സർക്കാർ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവ താഴെപറയുന്നവയാണ്:

10.1 സംസ്ഥാനതലത്തിലുള്ളസംവിധാനം

RFCTLARR 2013 സെക്ഷൻ 44 (1) അനുസരിച്ച് കേരള സംസ്ഥാന സക്കാരിൻെറ 2015 ഏപ്രിൽ 11 ലെ കേരള ഗസറ്റ് G.O. (P) M. 589/2015/ RD) മുഖേന സംസ്ഥാന തല പുനരധിവാസ കമ്മീഷണറായി ഭൂമി നികുതി കമ്മീഷണർ നിയമിതനായി. അദ്ദേഹത്തിൻെറ ഉത്തരവാദിത്തമാണ് സംസ്ഥാനതലത്തിൽ പുനരധിവാസ പദ്ധതികളുടെ രൂപീകരണം നിരീക്ഷിക്കുകയും അതിൻെറ ശരിയായ നടപ്പാക്കലും പുനരധിവാസത്തിനുശേഷം സാമൂഹ്യ കണക്കു പരിശോധനയും.

10.2 ജില്ലാ തലത്തിലുള്ള സംവിധാനം

ഭൂമി ഏറ്റെടുക്കുന്നതിലും പുനരധിവാസത്തിലും ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള 2013 ലെ അവകാശ നിയമം സെക്ഷൻ 43 (1) അനുസരിച്ച് നിയമിതനായ ഭരണാധികാരിക്കാണ് ജില്ലാ തലത്തിൽ ഭൂമി എറ്റെടുക്കൽ സംബന്ധിച്ചുള്ള പുനരധിവാസ പദ്ധതികളുടെ രൂപീകരണത്തിൻെറയും നിരീക്ഷണത്തിൻെറയും അത് ശരിയായി നടപ്പിലാക്കുന്നതിൻെറയും പുനരധിവാസത്തിൻെറയും ഉത്തരവാദിത്തം. കേരള സംസ്ഥാന സർക്കാരിൻെറ 2015 ഏപ്രിൽ 11 ലെ കേരള ഗസറ്റ് നമ്പർ G.O. (P) M. 590/2015/ RD) അനുസരിച്ച് പ്രസ്തുത നിയമപ്രകാരം പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുവാനും ഭൂമി ഏറ്റെടുക്കൽ വഴി സ്വമേധയാ അല്ലാതെ സ്ഥലം നഷ്ട്ടപ്പെട്ടവരുടെ

കാര്യങ്ങൾക്കായും കോഴിക്കോട് ജില്ലാ ഡെപ്യൂട്ടി കളക്ടറെ ചുമതലപ്പെടുത്തി. കൂടാതെ, ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും അന്തിമരൂപം കൊടുക്കുവാനും നടപ്പിലാക്കുവാനും മേൽനോട്ടം വഹിക്കുവാനും ജില്ലാതല നഷ്ടപരിഹാര പുനരധിവാസ സമിതിയെയും സംസ്ഥാനതല ശാക്തീകരണസമിതിയെയും അധികാരപ്പെടുത്തി.

ബാധിച്ച വ്യക്തികൾക്കും കുടുംബങ്ങൾക്കും ന്യായമായ വിലയും പുനരധിവാസ പദ്ധതികളും വിഭാവനം ചെയ്ത് അന്തിമരൂപം നൽകുന്നതിനുള്ള അധികാരം ജില്ലാ സമിതിയിൽ നിക്ഷിപ്തമാണ്. നിയമത്തിൻെറ രണ്ടും മൂന്നും വകുപ്പുകളനുസരിച്ച് അർഹിക്കുന്ന കുടുംബങ്ങളുടെ പുനരധിവാസവും പുന:സ്ഥാപനവും സമിതി ഉറപ്പുവരുത്തണം.

ജില്ലാസമിതിയുടെ ശുപാർശകൾ പരിഗണിച്ച് അംഗീകരിക്കുകയോ നിർദ്ദേശങ്ങളോടെ തിരിച്ചയക്കുകയോ ചെയ്യുക സംസ്ഥാനസമിതിയുടെ ഉത്തരവാദിത്തമാണ്.

അദ്ധ്യായം 11
ചെലവുകളുടെയും പ്രയോജനങ്ങളുടെയും അവലോകനം: ഭൂമി ഏറ്റെടുക്കലിനെ സംബന്ധിച്ചുള്ള ശുപാർശ

11.1 ആമുഖം

അകലാപ്പുഴ പുഴയ്ക്ക് കുറുകെ നിർദ്ദിഷ്ട അകലാപ്പുഴക്കടവ് പാലം നിലവിലുള്ള ഗതാഗത ക്ലേശങ്ങൾ പരിഹരിക്കുമെന്നതിനാൽ ഈ പദ്ധതി വളരെ അഭികാമ്യമാണ്. ചെറിയ തോണികൾ മാത്രമാണ് ഇപ്പോൾ ആശ്രയം. മണിയൂർ, തുറയൂർ പ്രദേശവാസികൾക്ക് ഗതാഗതത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനം ഗുണകരമാണ്. മാത്രമല്ല, പാലത്തിനുവേണ്ടിയിള്ള മുറവിളി വളരെ പഴക്കമുള്ളതാണ്.

11.2 സാമൂഹ്യ ആഘാതത്തിൻെറ സ്വഭാവം

പദ്ധതി മുഖേന പ്രദേശവാസികൾക്ക് ഏതാനും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. റോഡിൻെറ ഇരുവശങ്ങളിലും വീടുകൾ, കാർഷിക വിഭവങ്ങൾ എന്നിവയുണ്ട്. 46 ഭൂവുടമസ്ഥരുടെ 46 ഭൂമികൾ ബാധിതമാകും. 46 ഭൂമികൾ ഭാഗികമായും ബാധിതമാകുമെന്നാണ് പദ്ധതി ബാധിതരിൽ നിന്നും ലഭിച്ച വിവരം. 13 പേർക്ക് വേറേ ഭൂമിയില്ല. നഷ്ടങ്ങൾക്ക് ന്യായമായ നഷ്ടപരിഹാരം ലഭിക്കണമെന്ന് പദ്ധതി ബാധിതർ ആവശ്യപ്പെട്ടു.

പദ്ധതി 2013ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരമായതിനാൽ ന്യായമായ നഷ്ടപരിഹാരത്തെക്കുറിച്ച് പദ്ധതി ബാധിതർ ആകുലപ്പെടേണ്ടതില്ല. എല്ലാ അധികാരികളും ഒരുമയോടെയും ഉത്തരവാദിത്തബോധത്തോടെയും പ്രവർത്തിച്ചാൽ, പദ്ധതി വിജയമായിരിക്കും. പൊതുതാത്പര്യവും പ്രയോജനവും പരിഗണിച്ച് പദ്ധതി നടപ്പാക്കേണ്ടതുതന്നെയാണ്.

11.3 പദ്ധതി ബാധിതരുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ

പദ്ധതി ബാധിതർ നൽകിയ നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്:

1) ഭൂമി നഷ്ടപ്പെടുന്നവർക്ക് അനുയോജ്യമായ നഷ്ടപരിഹാരം നൽകണം.
2) ബാധിതരായവരിൽ 15 പേർ പദ്ധതി അലൈൻ മെൻറ് മാറ്റണം എന്ന് ആവശ്യപ്പെട്ടു.
3) മുച്ചുകുന്ന് കടവ് ഭാഗത്തുള്ള 12 പേർ 80 മീറ്റർ അകലെ മാറ്റി പണിയണം എന്ന് പറഞ്ഞു.
4) തുറയൂർ ഭാഗത്തുള്ളവർ അലൈൻമെൻറ് വളവ് ഉണ്ടായിരിക്കുന്നത് ഒഴിവാക്കി നേരെ പണിയണമെന്ന് ആവശ്യപ്പെട്ടു.
5) പുഴയുടെ സൈഡിൽ പാലത്തിനും ഇടയിൽ ഒറ്റപ്പെട്ടുപോകുന്ന ഒരു വിധവയുടെ കുടുംബം പ്രയാസങ്ങൾ നേരിടുമെന്ന് ബോധ്യപ്പെടുത്തി.
6) സാധിക്കുന്നിടത്തോളം പാലത്തിൻെറ ഭാഗം ഉയർത്തി പണിയുന്നത് വെള്ളക്കെട്ട് ഒഴിവാക്കുമെന്ന് ചൂണ്ടിക്കാണിച്ചു.
7) കമ്പോള നിലവാരമനുസരിച്ച് മൂല്യ നിർണ്ണയം.

8) ബാക്കി സ്ഥലത്തുള്ള നിർമ്മാണത്തിന് റോഡിൽ നിന്നുള്ള ദൂര പരിധി നിർബന്ധിക്കരുത്.
9) നിർദ്ദേശിച്ചിരിക്കുന്ന റൂട്ട് അഭികാമ്യമല്ലെന്ന് പദ്ധതി ബാധിതരായ 12 പേർ അഭിപ്രായപ്പെട്ടു.

സംഗ്രഹം

തുറയൂർ, മൊടാടി വില്ലേജുകളിൽ ഗതാഗതത്തിന് ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് അകലാപ്പുഴക്കടവ് പാലം ഒരു ശാശ്വതമായ പരിഹാരമാകും. 46 ഭൂവുടമകളുടെ ഭൂമികളിൽ സ്ഥിതിചെയ്യുന്ന 0.97.35 ഹെക്ടർ ഭൂമിയാണ് അകലാപ്പുഴക്കടവ് പാലം അനുബന്ധ റോഡിന് ആവശ്യമായിട്ടുള്ളത്. 46 ഭൂവുടമകളിൽ 31 പേർ ഭൂമി വിട്ടുകൊടുക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ചു. 46 ഭൂമികളെയും ഭാഗികമായി മാത്രം ബാധിക്കും. 13 പേർക്ക് വേറേ ഭൂമിയില്ല. 46 പേരിൽ 14 പേർ പദ്ധതി സാമൂഹ്യ ജീവിതത്തെ ബാധിക്കുമെന്ന് അഭിപ്രായപ്പെടുന്നു. 204 ആളുകൾ (104 പുരുഷന്മാർ, 100 സ്ത്രീകൾ) പദ്ധതി ബാധിതരാണ്. പദ്ധതി പൊതു താത്പര്യാർത്ഥമാണ്. കുടുതൽ സ്വീകാര്യമായ ബദൽ നിർദ്ദേശങ്ങൾ 12 പേർ നിർദ്ദേശിച്ചിരിക്കുന്നു. 2013ലെ നിയമമനുസരിച്ച് പദ്ധതി ബാധിതർക്ക് ന്യായമായ നഷ്ടപരിഹാരം ലഭിക്കുവാൻ ഈ പഠനം സഹായിക്കും.

അകലാപ്പുഴക്കടവ് പാലത്തിൻെറ പ്രയോജനങ്ങൾ പരിശോധിക്കുമ്പോൾ ഇത് നടപ്പാക്കേണ്ടതാണെന്ന് ബോധ്യപ്പെടും. നഷ്ടമാകുന്നത് സ്ഥലം / കാർഷിക ഉപജീവന മാർഗ്ഗം / മതിൽ / കവാടം / വീടിൻെറ മുൻവശം എന്നിവയാണ്. നിയമമനുസരിച്ചുള്ള ന്യായമായ നഷ്ടപരിഹാരം പദ്ധതി ബാധിതർക്ക് ലഭിക്കത്തക്ക വിധത്തിലാണ് ഈ സാമൂഹ്യ ആഘാത പഠനം ചെയ്തിരിക്കുന്നത്. ആഘാതം ദുരീകരിക്കുവാനുള്ള മാർഗ്ഗങ്ങളും നിർദ്ദേശിച്ചിട്ടുണ്ട്. നഷ്ടങ്ങൾ പരിഹരിക്കുവാൻ നിയമത്തിലെ വ്യവസ്ഥകൾ മതിയാകും.

****

അനുബന്ധം1:സർക്കാർഉത്തരവുകൾ

File No.DCKKD/2065/2020-B2 13

I/152557/2021

ജില്ലാകലക്ടറുടെ 04/03/2021 തീയതിയിലെ നടപടിക്രമം
(ഹാജർ സീറാം സാംബശിവറാവു, ഐ എ എസ്)

വിഷയം – എൽ.എ –അകലാപ്പുഴ പാലം നിർമ്മാണം – സാമൂഹ്യാഘാത പഠനം നടത്തുന്നതിന് സാമൂഹ്യ ആഘാത പഠന ഏജൻസിയെ നിയമിച്ച് ഉത്തരവാകുന്നത് സംബന്ധിച്ച്

സൂചന – ജില്ലാ കലക്ടറുടെ 14.03.2017 ലെ ബി3. 58911/16 നമ്പർ നടപടിക്രമം.

....

കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്കിൽ മൂടാടി, തുറയൂർ വില്ലേജുകളിൽ പെട്ട 97.35 ആർ ഭൂമി അകലാപ്പുഴയ്ക്ക് കുറുകെ അകലാപ്പുഴ പാലം അനുബന്ധറോഡ് നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളിൽ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന്റെ ആവശ്യത്തിലേക്കായി സൂചനാ നടപടിക്രമപ്രകാരം ഒരു പാനൽ രൂപീകരിച്ചിട്ടുള്ളതാണ്. അകലാപ്പുഴ പാലം നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിലേക്കായി മേൽ പാനലിൽ നിന്നും ഡോൺ ബോസ്കോആർട്സ് & സയൻസ് കോളേജ് , അങ്ങാടിക്കടവ് , കണ്ണൂർ എന്ന എസ്.ഐ.എ ഏജൻസിയെ നിയോഗിച്ച് ഇതിനാൽ ഉത്തരവാകുന്നു.

മേൽ സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ് 01.01.2014 മുതൽ നിലവിൽ വന്ന ആക്ടിന് കീഴിലും ചട്ടത്തിൻകീഴിലും ആവശ്യപ്പെടുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനറിപ്പോർട്ട് 6 ആഴ്ചയ്ക്കുള്ളിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

ജില്ലാകലക്ടർ
കോഴിക്കോട്

ഡോൺ ബോസ്കോആർട്സ് & സയൻസ് കോളേജ് , അങ്ങാടിക്കടവ് , കണ്ണൂർ

പകർപ്പ്
1.സ്പെഷ്യൽ തഹസിൽദാർ (എൽ.എ), കിഫ്ബി, കോഴിക്കോട്
2.എക്സിക്യൂട്ടിവ് എഞ്ചിനിയർ(PWD), ബ്രിഡ്ജ്സ് ഡിവിഷൻ, കോഴിക്കോട്.

Signed by Seeram
Sambasiva Rao I.a.s
Date: 04-03-2021 09:06:19
Reason: Approved

©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 10 Vol. X	തിരുവനന്തപുരം, ബുധൻ Thiruvananthapuram, Wednesday	2021 മേയ് 19 19th May 2021 1196 ഇടവം 5 5th Idavam 1196 1943 വൈശാഖം 29 29th Vaisakha 1943	നമ്പർ No.	1579

Form No.4

[See rule 11(3)]

NOTIFICATION

DCKKD/2065/2020-B2 *15th May 2021*

WHEREAS, it appears to the Government of Kerala that the land specified in the schedule below is needed or likely to be needed for a public purpose, to wit for the construction Akalapuzha Bridge across Akalapuzha in Kozhikode District.

AND WHEREAS, in exercise of the powers conferred in sub-section (1) of section 4 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 (Central Act 30 of 2013), Government of Kerala have decided to conduct a Social Impact Assessment in the area specified in the schedule below.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Now, THEREFORE, sanction is accorded to the District level Social Impact Assessment Unit, Don Bosco Arts and Science College, Angadikadavu P.O,Iritty, Kannur District to conduct a Social Impact Assessment Study and to prepare a Social Impact Management Plan as provided in the Act. The process shall be completed within a period of two months, in any case.

SCHEDULE

District : Kozhikode **Taluk : Koyilandy**

(The extent given is approximate)

Sl.No	Village	Survey No	Description	Extent H/Are/Sq. meter
1	Moddadi	2/1,2/3,2/5,2/9,2/10/A, 2/10/B, 2/11		0.97.35 H
2	Thurayur	164/1,164/2,164/3,164/4, 166/6,166/7,167/1, 167/2, 167/3A, 167/4A, 167/4B, 167/4C1A,167/4C2		

Sd/-
District Collector
Kozhikode.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.05.20 03:18:38 +05:30

അനുബന്ധം: 2 List of Participants- Public Hearing

പൊതുചർച്ച (**Public Hearing**), സാമൂഹ്യ ആഘാത പഠനം

അകലാപ്പുഴ പാലം-സമീപറോഡ് പ്രോജക്ട്

മൊടാടി വില്ലേജ് കൊയിലാണ്ടി താലൂക്ക് കോഴിക്കോട് ജില്ല

23 July 2021 Time: 11. 00 am. Muchukunnu North U.P. School

SN	Name	House Name	Mob. No.	Signature
1	JAYANARAYANAN	PADINHARITIL.	8921110875	
2	Anil kumar.p	[illegible]	9847680490	
3	Sumathi	S/s.	9446886364	
4	[illegible]	[illegible]	9562086156	
5	moyidhu	വരിക്കോളി		
6	Basheer v	Varikkoli	8714423404	
7	Sahis	Varikkoli	9544531878	
8	Vijayanandan	Padinharayil	9447904885	
9	JAMAL NAWARN	VARIKKOLI	9495125344	
10	Mahroof	Varikkoli	9513237515	
11	ISMAIL.	Varikkoli	9539648748	
12	Naseema.	Varikoly	9747558980	
13	Ashraf	Theertha	8086033824	
14	Musthafa	Varikkoli	9946112463	
15	[illegible]	വരിക്കോളി.	"	
16	Mansoor	വരിക്കോളി	7406238355	
17	Subair. EK	Varikoli	9746699455	
18	Zahaba. k.k	Varikoli	9544059210	
19	Mikthab. V	Parakkod	9544059210	
20	Musthafa A..	[illegible]	9544019244	
21	Sasi (panchayath executive)	cheriyakunnath	8281694510	
22				
23				
24				
25				

Officials Attended

	Name	Dept.	Designation	Signature
26	Sunitha. c.m.	member		
27	chandrarekha.	Revenue Dept	RI	
28	Muhasin Ameen.v	AE, KRFB KKD	AE/	
29	Bipinlal -R P	KRFB, KKD	SS	
30	Nithin. K	LA-KIIFB -KKD	clerk	
31	RAKESH PR	PE, KRFB, KKD	PE	
32	Fr. Sojan P. Joseph.	SIA unit - DBASC	director	
33	K.V. Sebastian	SIA unit. DBASC	Team leader	
34	Jijin Jain	SIA unit	R. A.	
35	Christopher Mathew	SIA UNIT	R. A.	
36				

പൊതുചർച്ച (**Public Hearing**), സാമൂഹ്യ ആഘാത പഠനം

അകലാപ്പുഴ പാലം-സമീപറോഡ് പ്രോജക്ട്

തുറയൂർ വില്ലേജ്, കൊയിലാണ്ടി താലൂക്ക്, കോഴിക്കോട് ജില്ല

23 July 2021 Time.: 03.00 pm Welfare L P School, Payyoli Angadi

SN	Name	House Name	Mob. No.	Signature
1	Fahima	Othiyothparampath	9447446435	
2	~~Gee~~ Geetha	Chethil	8086053209	
3	Bini	vadakechethil	9645302911	
4	Leela	vattakuni	9846532806	
5	Moosa	chakkothpadikal	9645243491	
6	Rajan	Chethil	9539752103	
7	Asharaf	kallarakouumma	9400536114	
8	Hassan	chakvathpadikkal	9645042859	
9	Jayakrishnan. M.	Modathil	9497373422	
10	SHAINI. V.K	Vettuvakandy	9605482960	
11	Ashokan	vettuvakandy	9446816302	
12	Saleena Ithikkan	Ithil Kani	9846584331	
13	Chandran		9446881238	
vice president — 14	Sreeja G.	Maravllattil	96458 3874	
15	Ahammed	Kittyil	9495770957	
16	~~Ramakrishnan~~	Kizhakkandiyil	9657008385	
17	Abdul Azeez	Meethalepurar	9645661391	
18	KIZAKKAYIL	ABDURAZAK.	9539818311	
19	Muhammedali	valiyavalapil.	8086230133	
20	[illegible]		9946819166	
21	Abdurahman	Kakkadol.		
22				
23				
24				
25				

Officials Attended

	Name	Dept.	Designation	Signature
26	SAJITHA. V.M	Panchayath	Member	
27	Chandrasekhar	Revenue	RI	
28	Muhasin Ameen. V	KRFB-PMU KKD	Assistant Engineer	
29	RAKESH. P.R	KRFB-PMU KKD	Project engineer	
30	BIPINLAL-RP	KRFB-PMU KKD	Site Supervisor	
31	NITHIN. G	KIIFB LA	Clerk	
32	Fr. Sajan P. Joseph.		director	
33	C.K. Gireesh	Panchayath	President	
34	Ramakrishnan, Dy	Dev. chairman Panchayath	Dev. chairman	
	Sreeja Mavullatil	Thurayur Vice Pres	Vice President	
	Jyin Jain	Don Bosco	SIA	
	Christopher Mathew	"	R.A	
	Sebastian K.V.	Team Leader.	R.A SIA	

അനുബന്ധം: 3 Alignmnet Sketch

അനുബന്ധം 4: വിവര ശേഖരണത്തിനുള്ള ചോദ്യാവലി

VIRTUE & EXCELLENCE
DON BOSCO ARTS & SCIENCE COLLEGE
ANGADIKADAVU

സാമൂഹ്യ ആഘാത പഠനം: അകലാപ്പുഴ പാലം-സമീപറോഡ് പ്രോജക്ട്

GO (RT.) NO. 1973/18/PWD DATED 21.12. 2018

ഏജൻസി: ഡോൺ ബോസ്കോ ആർട്സ് ആൻറ് സയൻസ് കോളേജ്, അങ്ങാടിക്കടവ്, ഇരിട്ടി, കണ്ണൂർ – 670706

വ്യക്തിഗത വിവരശേഖരണത്തിനുള്ള ഫോറം

പഞ്ചായത്ത് / മുനിസിപ്പാലിറ്റി					വാർഡ് നമ്പർ:		വില്ലേജ്	
വിവരദാതാവിന്റെ പേര്					വിവരദാതാവിന്റെ മൊബൈൽ നമ്പർ:			
ആഘാതബാധിതനായ വ്യക്തിയുടെ പേര്							മൊബൈൽ നമ്പർ:	
റേഷൻ കാർഡിന്റെ തരം	ബി.പി.എൽ.				എ.പി.എൽ:		കാർഡ് ഇല്ല:	
മതം:	ഹിന്ദു	മുസ്ലീം	ക്രിസ്ത്യാനി	സാമൂഹ്യവിഭാഗം	പട്ടിക ജാതി	പട്ടിക വർഗ്ഗം	മറ്റു പിന്നോക്കവിഭാഗം	പൊതു വിഭാഗം
വിലാസം								

1. **പൊതുവായ വിവരങ്ങൾ**

2. **കുടുംബ വിവരങ്ങൾ**

ക്രമ നമ്പർ	പേര്	1. ലിംഗം	2. പ്രായം	3. കുടുംബ നാഥനുമായുള്ള ബന്ധം	4. വൈവാഹിക നില	5. വിദ്യാഭ്യാസം
1				കുടുംബ നാഥ/ൻ		
2						
3						
4						
5						
6						
7						

3 1. നാഥൻ/നാഥ 2. ഭർത്താവ്/ഭാര്യ 3. അവിവാഹിത മകൻ/മകൾ 4. വിവാഹിത മകൻ/മകൾ 5. വിവാഹിത മകന്റെ/മകളുടെ ഭാര്യ/ഭർത്താവ്, 6. പേരക്കുട്ടി, 7. അച്ഛൻ/അമ്മ 8. സഹോദരൻ/സഹോദരി	4 1. വിവാഹിത/ൻ, 2. അവിവാഹിത/ൻ 3. വിധവ/വിഭാര്യ 4. അപ്രസക്തം 5 1. പഠിച്ചുകൊണ്ടിരിക്കുന്നു 2. പഠനം പൂർത്തിയായി

2.6 കുടുംബാംഗങ്ങളുടെ ജോലി/വരുമാന മാർഗ്ഗം

ക്രമ നമ്പർ	പേര്	2. തൊഴിൽ	3. പ്രതിമാസ വരുമാനം
1			
2			
3			
4			
2: 1. സർക്കാർ ജോലി 2. സ്വകാര്യ ജോലി (a. Managerial/administrative. b. supervisory c. clerical d. assistant/attendant)			

3. കൂലി (a) നിർമ്മാണം (b) കാർഷികം (c) ടെക്നിക്കൽ) 4. ഫാക്ടറി 5. കരകൗശല വസ്തുക്കൾ 6. സ്വയം തൊഴിൽ
7. മൃഗാസൂത്രണം 8. ഡ്രൈവർ 9. പെൻഷ്യൻ 10. വേറെ എന്തെങ്കിലും